"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.എഫ്1/135/2022/ഉ.വി.വ

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
01-02-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ വകുപ്പ്

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസം - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - ഷോർട്ട് ടേം കോഴ്സുകൾ അദ്ധ്യാപകരുടെ പ്ലെയ്സ്മെന്റിന് പരിഗണിക്കുന്നത്-സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന:- 1) സ.ഉ(സാധാ) നം.1662/2022/ഉ.വി.വ തീയതി 10.11.2022
2) താങ്കളുടെ 26.12.2022 - ലെ യു.ജി.സി സെൽ2/31114/2022 നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പ് , ഹയർ എഡ്യൂക്കേഷൻ കൗൺസിൽ, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകൾ എന്നിവർ നടത്തുന്ന ഷോർട്ട് ടേം കോഴ്സുകൾ സർക്കാർ അദ്ധ്യാപകരുടെ പ്ലെയ്സ്മെന്റിന് പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സൂചന (1) ഉത്തരവിൻമേൽ സൂചന (2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്ന വിഷയം | സ്പഷ്ടീകരണം. |
|---|---|---|
| 1. | സ.ഉ(സാധാ) നം.1662/2022/ഉ.വി.വ തീയതി 10.11.2022 ഉത്തരവിന് ഏത് തീയതി മുതലാണ് പ്രാബല്യം എന്ന് വ്യക്തമാക്കിയിട്ടില്ല. | യു.ജി.സി - യുടെ 16.10.2018 - ലെ F.No.2-16/2002(PS) Pt.FI.II നോട്ടിഫിക്കേഷൻ പ്രകാരം 31.12.2018 വരെ ഡ്യൂ ആകുന്ന പ്ലേയ്സ്മെന്റുകൾക്ക് കോഴ്സുകൾ നിർബന്ധമല്ല. ആയതിനാൽ 01.01.2019 മുതൽ ഡ്യൂ ആകുന്ന പ്ലേയ്സ്മെന്റുകൾക്ക് 10.11.2022 - ലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ) നം.1662/2022/ഉ.വി.വ - യ്ക്ക് പ്രാബല്യം ഉണ്ടാകും. |
| | കോഴ്സിന് മൂല്യ നിർണ്ണയവും ഗ്രേഡും ഉണ്ടാകണം എന്ന് യുജിസി നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മൂല്യനിർണ്ണയവും ഗ്രേഡിംഗും | യു.ജി.സി HRDC കൾ നടത്തുന്ന റിഫ്രഷർ, ഓറിയന്റേഷൻ പ്രോഗ്രാമുകൾക്ക് മാത്രമാണ് കോഴ്സ് പൂർത്തീകരിക്കുന്നതിനുള്ള നിബന്ധനയായി മൂല്യനിർണ്ണയം, ഗ്രേഡിംഗ് എന്നിവയ്ക്കുള്ള നിബന്ധന ഉള്ളത്. റിഫ്രഷർ, ഓറിയന്റേഷൻ പ്രോഗ്രമുകൾക്ക് പകരം നിർദ്ദേശിച്ചിരിക്കുന്ന ഹ്രസ്വകാല കോഴ്സുകൾ, ശില്പശാലകൾ, സെമിനാറുകൾ |

| | | |
|---|---|---|
| 2. | ഇല്ലാത്ത കോഴ്സുകൾ മേൽ ഉത്തരവിൽ സ്വീകാര്യമെന്ന് പറഞ്ഞിട്ടുണ്ട്. DCE, KSHEC കോഴ്സുകൾ ഈ വിഭാഗത്തിൽ പെടുന്നു. അത് 2018 യുജിസി ചട്ടങ്ങൾക്ക് വിരുദ്ധമാകുമെന്ന സംശയം നിലനിൽക്കുന്നു. | തുടങ്ങിയവയ്ക്കൊന്നിനും മൂല്യനിർണ്ണയം, ഗ്രേഡിംഗ് എന്നിവ നിലവിലില്ല. CAS നോ നേരിട്ടുള്ള നിയമനത്തിനോ റിഫ്രഷർ, ഓറിയന്റേഷൻ കോഴ്സുകൾക്കോ ഹ്രസ്വകാല കോഴ്സുകൾ, ശില്പശാലകൾ, സെമിനാറുകൾ ഇവയ്ക്കോ മൂല്യനിർണ്ണയം, ഗ്രേഡിംഗ് എന്നിവ പരിശോധിക്കാൻ നിബന്ധനയില്ല. അതിനാൽ, മൂല്യനിർണ്ണയം, ഗ്രേഡിംഗ് എന്നിവ CAS, നിയമനം എന്നിവയ്ക്ക് കോഴ്സുകൾ പരിഗണിയ്ക്കുന്ന സമയത്ത് പരിശോധിക്കേണ്ടതില്ല. |
| 3. | MOOC കോഴ്സ് ഡിസൈനിംഗ് അസോസിയേറ്റ് പ്രൊഫസർ പ്ലേസ്മെന്റുകൾക്കും പ്രൊഫസർ പ്ലേസ്മെന്റുകൾക്കും സ്വീകരിക്കുന്ന വിഭാഗത്തിൽപ്പെടുന്നു. അതിനാൽ ഇത് ഇരട്ട ആനുകൂല്യം അദ്ധ്യാപകർക്കു ലഭിക്കുന്ന അവസ്ഥ ഉണ്ടാക്കും. | MOOC കോഴ്സുകൾ സ.ഉ(സാധാ)നം.1662/2022/ഉ.വി.വ തീയതി 10.11.2022 ഉത്തരവിനു മുമ്പ് തന്നെ പ്ലേസ്മെന്റുകൾക്ക് പരിഗണിക്കപ്പെട്ടിരുന്നു. ആകയാൽ ഇക്കാര്യത്തിൽ നിലവിലുള്ള നടപടിക്രമം തുടരാവുന്നതാണ് . |

വിശ്വസ്തതയോടെ,
HARI KUMAR G
ADDITIONAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Asoka Kumari L
സെക്ഷൻ ഓഫീസർ.
Date: 01-02-2023 16:19:44